## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 4100

16.12.2014 ൽ ബഹു: ധനകാര്യവും
നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
മറുപടി പറയേണ്ടത്

## ശമ്പളപരിഷ്കരണം

**ചോദ്യം**

ശ്രീ. വി. ശിവൻകുട്ടി
ശ്രീ. എ.എം. ആരിഫ്
ശ്രീ. എം. ഹംസ
ശ്രീ. ടി.വി. രാജേഷ്

**ഉത്തരം**

ശ്രീ. കെ.എം. മാണി, ധനകാര്യവും
നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി

| | | | |
|---|---|---|---|
| (എ) | ശമ്പള പരിഷ്കരണ കമ്മീഷൻ സർവ്വീസ് സംഘടനകളുമായുള്ള ചർച്ച നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | : | പത്താം ശമ്പള പരിഷ്കരണ കമ്മീഷൻ വിവിധ സംഘടനകളുമായി ഡിസംബർ മാസം രണ്ടാം തീയതി മുതൽ ആരംഭിച്ച ചർച്ച പുരോഗമിച്ചു വരുന്നു. |
| (ബി) | ശമ്പള കമ്മീഷന്റെ കാലാവധി നിരന്തരം നീട്ടിക്കൊടുക്കുന്ന സാഹചര്യം ഒഴിവാക്കി ശമ്പള പരിഷ്കരണം സമയബന്ധിതമായി യാഥാർത്ഥ്യമാക്കുന്നതിന് സ്വീകരിക്കാൻ പോകുന്ന നടപടികൾ എന്താണ്; | : | 29.11.2014-ലെ സ.ഉ.(കൈ)നം.521/14/ധന ഉത്തരവു പ്രകാരം നിലവിൽ കമ്മീഷന്റെ പ്രവർത്തന കാലാവധി 2015 ജൂൺ മാസം 30-ാം തീയതി വരെയാണ്. കാലാവധിക്കുള്ളിൽ തന്നെ സർക്കാരിന് ശുപാർശ സമർപ്പിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | 9-ാം ശമ്പള കമ്മീഷൻ 10 മാസം കൊണ്ട് നടപടികൾ പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ച സാഹചര്യത്തിൽ 10-ാം ശമ്പള കമ്മീഷന്റെ നടപടികൾ നീണ്ടുപോകുന്നത് വേതന പരിഷ്കരണത്തിന്റെ ആനുകൂല്യം ജീവനക്കാർക്ക് വൈകുന്നതിന് കാരണമാകുമോ; | : | കമ്മീഷന്റെ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നു വരുന്നതിനാൽ വേതന പരിഷ്കരണത്തിന്റെ ആനുകൂല്യം ജീവനക്കാർക്ക് വൈകാൻ സാദ്ധ്യതയില്ല. |
| (ഡി) | ശമ്പള പരിഷ്കരണത്തിന്റെ പ്രാബല്യം എന്നുമുതലായിരിക്കുമെന്ന് കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിൽ പറയുന്നുണ്ടോ; ഇല്ലെങ്കിൽ ഈ കാലയളവിൽ പെൻഷനാകുന്ന ജീവനക്കാർക്ക് ശമ്പള പരിഷ്കരണത്തിന്റെ ആനുകൂല്യം നഷ്ടപ്പെടുമോ; | | ശമ്പള പരിഷ്കരണത്തിന്റെ പ്രാബല്യം എന്നുമുതലായിരിക്കുമെന്ന് കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിൽ പറയുന്നില്ല. കമ്മീഷൻ ശുപാർശ സർക്കാർ തലത്തിൽ സമർപ്പിച്ചതിനു ശേഷം മാത്രമേ ഇക്കാര്യങ്ങളെക്കുറിച്ചുള്ള തീരുമാനം ഉണ്ടാകുകയുള്ളൂ. |

| | | | |
|---|---|---|---|
| (ഡ) | കമ്മീഷന്റെ പ്രവർത്തനം നീണ്ടുപോകുന്നത് എത്ര മാത്രം സാമ്പത്തിക ബാദ്ധ്യത വരുത്തുന്നുണ്ട്. കമ്മീഷന്റെ പ്രവർത്തനങ്ങൾക്ക് സർക്കാർ ജീവനക്കാരെ ഡെപ്യൂട്ടേഷനിൽ നൽകിയതിനു പുറമേ എത്ര രൂപ ഇതുവരെ ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ? | | പത്താം ശമ്പള പരിഷ്കരണ കമ്മീഷന്റെ വിശാലമായ ടേംസ് ഓഫ് റഫറൻസിനെ ആസ്പദമാക്കി സമഗ്രവും ആധികാരികവുമായി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കൂടുതൽ സമയം ആവശ്യമുണ്ടെന്നതിനാലാണ് കമ്മീഷന്റെ പ്രവർത്തന കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുള്ളത്. കമ്മീഷന്റെ പ്രവർത്തനം നീണ്ടുപോകുന്നത് സാമ്പത്തിക ബാദ്ധ്യതയായി കണക്കാക്കേണ്ടതില്ല. ശമ്പളം/ഓണറേറിയം ഇവ ഒഴികെ വിവിധ ആവശ്യങ്ങൾക്കായി കമ്മീഷൻ നാളിതുവരെ 2,61,701/- രൂപ നേരിട്ട് ചെലവഴിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**